ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ സർവ്വീസ് നടത്തുന്ന ബസ്സുടമകളെ അനാവശ്യ കുറ്റം ചുമത്തി ബുദ്ധിമുട്ടിക്കുന്നു എന്ന ആരോപണവും കോഴിക്കോട് സിറ്റി ട്രാഫിക് പോലീസിന്റെ പരിധിയിൽ അധികരിച്ചുവരുന്ന പീഡനമുറകൾ അവസാനിപ്പിക്കണമെന്നുമാണ് ഒരു പരാതിയിലുള്ളത്. ബസ്സുടമകളുടെ പേരിൽ, അനാവശ്യമായി 184 എം.വി. ആക്ടിൻപ്രകാരം കേസെടുത്ത് പിഴ അടപ്പിക്കുന്നു. അമിതവേഗതയിലോടുന്ന ബസുകൾക്കെതിരെ നടപടി എടുക്കുന്നത് ശരിക്ക് പരിശോധിക്കാതെയാണ്, വാഹനങ്ങൾ ചെക്ക് ചെയ്യാതെ വാഹന നിയമത്തിലെ വകുപ്പ് 184 ദുരുപയോഗം ചെയ്യുന്നു എന്നീ ആരോപണങ്ങളാണ് മറ്റു പരാതികളിലുള്ളത്.

(സി) പരാതികളിൽ അന്വേഷണം നടത്തിവരികയാണ്. അന്വേഷണത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ കുറ്റക്കാരായി കണ്ടാൽ ടിയാൻമാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) മേൽപരാതികളിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിവരുന്നു.

ബസ്സുകളുടെ പേരിലുള്ള നടപടി

31 [2513] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളുടെ പേരിൽ പോലീസ് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ എത്ര പോലീസ് കേസുകളാണ് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സിറ്റികളിൽ ബസ്സുകളുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ളതും പിഴ ഈടാക്കിയിട്ടുള്ളതും എന്ന് വിശദമാക്കുമോ;

(ഡി) മറ്റു സിറ്റികളെ അപേക്ഷിച്ച് കോഴിക്കോട് സിറ്റിയിലാണ് ഇത്തരം പരാതികൾ ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി (എറണാകുളം), കോഴിക്കോട് എന്നീ ജില്ലകളിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതികളെപ്പറ്റി അന്വേഷണം നടത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സിറ്റികളിൽ (ക്രൈം/പെറ്റീ കേസ്) എന്നിവ ഉൾപ്പെടെ 1934 കേസുകൾ രജിസ്റ്റർ ചെയ്യുകയും ഈ വകയിൽ 4,46,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. 4 പരാതികൾ ലഭിക്കുകയും അവയിൻമേൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് പുതൂരിൽ ഒരു പോലീസ് സ്റ്റേഷൻ

32 [2517] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടിയിലെ പുതൂരിൽ പോലീസ് സ്റ്റേഷൻ അനുവദിയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി എപ്പോൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ ഡി.ജി.പി.-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി

33 [2518] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി മരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറിക്കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly